സ്ഥലങ്ങളിൽ ട്രാഫിക് പോലീസുകാരെ ഉപയോഗപ്പെടുത്തി നിയമലംഘനം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സിഗ്നൽ ലംഘിച്ച് വാഹനമോടിച്ചതിന് പോലീസ് വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണവും ഈടാക്കിയ തുകയും ജില്ല തിരിച്ച് അനുബന്ധമായി* ചേർത്തിരിക്കുന്നു. തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിലെ ക്യാമറകൾ മെയിന്റനൻസ് ചെയ്യുന്നതിനായി 229 ലക്ഷം രൂപയുടെ വർക്ക് ഓർഡർ പോലീസ് വകുപ്പ് കെൽട്രോണിന് നൽകിയിട്ടുണ്ട്. മെയിന്റനൻസ് നടന്ന് വരികയാണ്.

സിഗ്നൽ ലംഘനം, അമിത വേഗത എന്നിവയ്ക്ക് മോട്ടോർ വാഹന വകുപ്പിന് കീഴിൽ കഴിഞ്ഞ ഒരു വർഷക്കാലം ആകെ 1,50,270 പേർക്ക് മെമ്മോ അയച്ചിട്ടുണ്ട്. 3,06,24,800 രൂപ പിഴയായും ലഭിക്കുകയുണ്ടായി.

ബാർ കോഴക്കേസ്സിൽ ഉന്നതതല അന്വേഷണം

181 (3691) ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴക്കേസിൽ തനിക്കെതിരെ ഉന്നതതല അന്വേഷണം നടത്തിയിട്ടുണ്ടെന്ന മുൻ ധനമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ ; ഇതിൽ ഏർപ്പെട്ടവർ ആരൊക്കെയാണ് ; അതിൽ മന്ത്രിമാർ ഉൾപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അന്വേഷണ വിധേയമാക്കുമോ ;

(ഡി) സത്യാവസ്ഥ പുറത്തു കൊണ്ടുവരുന്നതിന് അന്വേഷണം ഏർപ്പെടുത്തി പ്രസ്താവന നടത്തിയ ആളിന്റെ മൊഴി ശേഖരിച്ച് തുടർ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) (എ) യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly